LIBRARY ARCHIVES Kerala Legislative Assembly

കയർ മേഖലയിലെ നവീകരണത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ

106 [1115] ശ്രീ. എ. എൻ. രാജൻ ബാബു:

„ ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ മേഖലയിലെ നവീകരണത്തിനായി ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കയർത്തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ കൊടുത്തു തീർക്കാനുണ്ടായിരുന്ന എത്ര കോടി രൂപയുടെ കുടിശ്ശിക ഈ സർക്കാർ കൊടുത്തുതീർത്തു എന്നു വ്യക്തമാക്കുമോ;

(സി) കയർ മേഖലയെ പ്രോൽസാഹിപ്പിക്കാൻ തൊണ്ട് സംഭരണത്തിന് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിൽ നിന്നും കുറഞ്ഞവിലയിൽ തൊണ്ട് സംഭരിച്ച് തമിഴ്നാട്ടിൽ കൊണ്ടു പോയി ചകിരിയാക്കി കേരളത്തിൽത്തന്നെ വില്പന നടത്തുന്നത് തടയാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയിലെ നവീകരണത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ:

(1) കയർമേഖലയിൽ ഗവേഷണ വികസനത്തിനായി ഒരു നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ നടപടി എടുത്തു വരുന്നു. സി-ഡോക്ക് വഴി ഗവേഷണ പ്രോജക്ടുകൾ നടപ്പാക്കിവരുന്നു.

(2) കയർ പിത്ത് ഉപയോഗിച്ച് മലിനീകരണ നിയന്ത്രണവും ഗ്രോബാഗ്സ് മുതലായ പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കാനുള്ള നടപടി എടുത്തുവരുന്നു.

(3) ചെറുകിട കയർ ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾക്കുള്ള പൊതുസേവന സഹായ സ്ഥാപനം.

(4) പരിശീലനവും മാനേജ്മെന്റ് വികസനവും.

(5) കയർ വ്യവസായത്തെക്കുറിച്ച് പഠനം.

(6) ഉദ്യമ കർത്താക്കൾക്ക് മാർജിൻമണി വായ്പ.

(7) കമ്പ്യൂട്ടർ ഉപയോഗിച്ചുകൊണ്ടുള്ള ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുവാനുള്ള ധനസഹായം നൽകുക.

തുടങ്ങിയവയാണ്.

(ബി) 11.50 കോടി രൂപ.

(സി) സംസ്ഥാനത്തിനകത്തുനിന്നോ പുറത്തുനിന്നോ തൊണ്ട്/ചകിരി സംഭരിക്കുന്നതിന് സഹായം നൽകുന്ന ഒരു പദ്ധതി നടപ്പിൽ വരുത്തുവാനായി 200 ലക്ഷം രൂപ 2004-2005 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. മഹിളാ കയർ യോജന പദ്ധതി പ്രകാരം സ്വയം സഹായ ഗ്രൂപ്പുകളോ കുടുംബശ്രീ വഴിയോ തൊണ്ട് സംഭരിക്കുന്നതിനുള്ള ഒരു പദ്ധതി കയർബോർഡിന്റെ പരിഗണനയിലുണ്ട്. കൂടാതെ അടിയന്തിരമായി കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽ നിന്നും ചകിരിയും തൊണ്ടും കയർഫെഡ് വഴി ഇറക്കുമതി ചെയ്യുന്നതിന് നടപടികൾ എടുത്തുവരുന്നു. ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിന് അനുമതി നൽകുന്നതിനും അതിനുള്ള ഇറക്കുമതി ചുങ്കം ഒഴിവാക്കുവാനും കേന്ദ്രവാണിജ്യ മന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഹസ്ക് കൺട്രോൾ ഓർഡർ നിലവിലില്ലാത്തതിനാൽ ഇത് നിരോധിക്കുവാനോ തടയുവാനോ നിർവാഹമില്ല.

കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുവാൻ നടപടി

107 [1116] ശ്രീ. ഉമേഷ് ചള്ളിയിൽ:
„ എ. എൻ. രാജൻ ബാബു:
„ ജോണി നെല്ലൂർ:
„ കെ. കെ. ഷാജു:
„ ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കഴിഞ്ഞ വർഷങ്ങളിലുണ്ടായ പുരോഗതി വ്യക്തമാക്കുമോ;

(ബി) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002 വർഷത്തിൽ 32058.38 ലക്ഷം രൂപയുടെ 71334.84 ടൺ വിവിധയിനം കയറുൽപ്പന്നങ്ങളും 2002-2003-ൽ 35270.58 ലക്ഷം രൂപയുടെ 84182.55 ടൺ വിവിധയിനം കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധംആയി ചേർത്തിരിക്കുന്നു.†

(ബി) കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി വൈവിധ്യവും ഗുണമേൻമയുള്ളതുമായ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുവാൻ കയർ കോർപ്പറേഷനും കയറുൽപാദക സഹകരണ സംഘങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ട്. പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകിവരുന്നു. വിപണിക്കനുയോജ്യമായ കയറുൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുന്നുണ്ട്. മൂന്നുകൊല്ലത്തെ വാർഷിക വിറ്റു വരവിന്റെ

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly